ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലേക്ക് ട്രാൻസ്ഫർ മുഖേന നിയമനം

20(1824) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലേക്ക് ട്രാൻസ്ഫർ മുഖേന നിയമനം നൽകുന്നതിനായുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റാങ്ക് ലിസ്റ്റിൽനിന്നും എത്രപേരെ ഇതിനകം നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്രകാലമാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) 8 പേരെ നിയമിച്ചിട്ടുണ്ട്.

(സി) 2-5-2000-ലാണ് നിലവിൽവന്നത്.

(ഡി) ടി റാങ്ക് ലിസ്റ്റ് കുറഞ്ഞത് ഒരു വർഷവും ഒരു വർഷത്തിനുശേഷം ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരേയോ അല്ലെങ്കിൽ മൂന്നു വർഷമോ ഇതിൽ ഏതാണ് ആദ്യം സംഭവിക്കുന്നത് അതുവരെ പ്രാബല്യത്തിലുണ്ടായിരിക്കും.

നിയമവകുപ്പിലെ തസ്തികൾ

21(1825) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, മറ്റ് ഉന്നത ഓഫീസർമാർ എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും എത്ര ഉദ്യോഗസ്ഥർ വീതമുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമവകുപ്പിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചു ; കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഓരോ വിഭാഗത്തിലുമുള്ള ഉദ്യോഗസ്ഥരുടെ എണ്ണം താഴെച്ചേർക്കുന്നു.

1.	ലീഗൽ അസിസ്റ്റന്റ്	53
2.	സെക്ഷൻ ഓഫീസർ	22
3.	അണ്ടർ സെക്രട്ടറി	10

LIBRARY ARCHIVES Kerala Legislative Assembly

4.	ഡെപ്യൂട്ടി സെക്രട്ടറി	9
5.	ജോയിന്റ് സെക്രട്ടറി	8
6.	അഡീഷണൽ സെക്രട്ടറി	7
7.	സ്പെഷ്യൽ സെക്രട്ടറി	1
8.	സെക്രട്ടറി	1

(ബി) പുതുതായി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് മാർഗ്ഗരേഖ

22(1827) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗരേഖകൾക്ക് ക്യാബിനറ്റിന്റെ അംഗികാരമുണ്ടായിരുന്നോ ;

(ബി) പ്രസ്തുത മാർഗ്ഗരേഖകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അവ റദ്ദാക്കിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ലായിരുന്നു.

(ബി&സി) ചില മേഖലകളിൽനിന്നുണ്ടായ അഭിപ്രായത്തെത്തുടർന്ന് ഇതു സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങളിൽ ചിലത് നടപ്പാക്കുന്നത് നിറുത്തിവെച്ചിരിക്കുകയാണ്.

ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ്

23(1828) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ് സംബന്ധിച്ച തീരുമാനം പിൻവലിച്ചത് പരിഷ്ക്കരിച്ച് പുനഃപ്രസിദ്ധീകരണം നടത്തിയോ ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച തീരുമാനം എന്നത്തേക്ക് ഉണ്ടാകും ;

(സി) ഇതു സംബന്ധിച്ച തീരുമാനം വൈകാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

---

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - IV

[8-03-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 21 (1825) ദയവായി കാണുക]

നിയമവകുപ്പിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകളുടെ ഇനം തിരിച്ചുള്ള കണക്ക്

1. തസ്തിക — ലാ മോണിറ്ററിംഗ് സെൽ

	തസ്തിക	എണ്ണം
1.	ജോയിന്റ് സെക്രട്ടറി	1
2.	സെക്ഷൻ ഓഫീസർ	1
3.	ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് 1	2
4.	കോൺഫിഡൽഷ്യൽ അസിസ്റ്റന്റ്	1
5.	പ്യൂൺ	1
	ആകെ	6

2. എൽ. എ. ഡി. സ്പെഷ്യൽ സെൽ

	തസ്തിക	എണ്ണം
1.	ഡെപ്യൂട്ടി സെക്രട്ടറി	1
2.	സെക്ഷൻ ഓഫീസർ	1
3.	ലീഗൽ അസിസ്റ്റന്റ്	1
	ആകെ	3

3. ട്രാൻസ്ലേഷൻ സെൽ

	തസ്തിക	എണ്ണം
1.	അഡീഷണൽ ലാ സെക്രട്ടറി	1
2.	അണ്ടർ സെക്രട്ടറി	1
	ആകെ	2
	ആകെ മൊത്തം	11

LIBRARY ARCHIVES Kerala Legislative Assembly

4. കേരള സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റി

	തസ്തിക	എണ്ണം
1.	മെമ്പർ സെക്രട്ടറി	1
2.	ലെയ്സൺ ഓഫീസർ	1
3.	ജോയിന്റ് സെക്രട്ടറി	1
4.	സെക്ഷൻ ഓഫീസർ	1
5.	അക്കൗണ്ട്സ് ഓഫീസർ	1
6.	പ്രൈവറ്റ് സെക്രട്ടറി	1
7.	അസിസ്റ്റന്റ് ഗ്രേഡ് 1	4
8.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	1
9.	ടൈപ്പിസ്റ്റ് ഗ്രേഡ് 11	1
10.	ഡ്രൈവർ	2
11.	പ്യൂൺ	5
12.	വാച്ച് മാൻ	5
13.	പാർട്ട് ടൈം സ്വീപ്പർ	2
	ആകെ	26

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

	തസ്തിക	എണ്ണം
1.	സെക്രട്ടറി	1
2.	രജിസ്ട്രാർ	1
3.	ഫിനാൻസ് ഓഫീസർ	1
4.	സെക്ഷൻ ഓഫീസർ	2
5.	കോർട്ട് ഓഫീസർ	1

LIBRARY ARCHIVES Kerala Legislative Assembly

6.	പ്രൈവറ്റ് സെക്രട്ടറി	1
7.	പേഴ്സണൽ അസിസ്റ്റന്റ്	3
8.	അസിസ്റ്റന്റ് ഗ്രേഡ് 1	6
9.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	2
10.	ടൈപ്പിസ്റ്റ് ഗ്രേഡ് 11	2
11.	ഡ്രൈവർ	5
12.	പ്യൂൺ	11
13.	പാർട്ട് ടൈം സ്വീപ്പർ	4
	ആകെ	40

അസി: ജനറൽ ഓഫീസിൽ പുതിയതായി സൃഷ്ടിച്ച തസ്തികകൾ

	തസ്തിക	എണ്ണം
1.	അസിസ്റ്റന്റ്	20
2.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	10
3.	ടൈപ്പിസ്റ്റ്	6
4.	ക്ലറിക്കൽ അറ്റന്റർ	4
5.	പ്യൂൺ	10
6.	ടൈപ്പിസ്റ്റ് ഗ്രേഡ് 11	2
7.	അണ്ടർ സെക്രട്ടറി	1
8.	സെക്ഷൻ ഓഫീസേഴ്സ്	5
9.	ഓഫീസ് സൂപ്രണ്ട്	1
10.	പാർട്ട് ടൈം സ്വീപ്പർ	1
	ആകെ	66

LIBRARY ARCHIVES Kerala Legislative Assembly